വൈദ്യുതി ചാർജ്ജ് വർദ്ധന

34 (380) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ ഇതുവരെ എത്രതവണ വൈദ്യുതി നിരക്കുകൾ കൂട്ടി ; ഓരോ തവണയും കൂട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; വൈദ്യുതി വകുപ്പിൽ മറ്റേതെല്ലാം ഇനങ്ങളിൽ ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് ; വൈദ്യുതി ബോർഡിന്റെ ധൂർത്ത് ഒഴിവാക്കിയും കടിശ്ശികതുക പിരിച്ചെടുത്തും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന് പകരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കുന്ന നടപടി പുനപരിശോധിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നുതവണ കമ്മീഷൻ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലുമാണ് വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്. ഓരോ തവണയും വർദ്ധിപ്പിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.* വൈദ്യുതി ബോർഡിൽ മറ്റിനങ്ങളിലുള്ള ചാർജ് വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാന വൈദ്യുതി ബോർഡ് നാളിതുവരെ മൊത്തം റവന്യു കമ്മിയുടെ ഒരു ഭാഗം മാത്രമേ താരിഫ് വർദ്ധനവിലൂടെ നികത്തുന്നുള്ളൂ. വൈദ്യുതി ബോർഡ് ചെലവ് കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

(i) കുറഞ്ഞ നിരക്കിൽ വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽ നിന്നും പരമാവധി വൈദ്യുതി ലഭ്യമാക്കുക.

(ii) പുത്തൻ സാങ്കേതികവിദ്യയും കമ്പ്യൂട്ടർവൽക്കരണവും ഏർപ്പെടുത്തുക വഴി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക.

(iii) പ്രസരണ വിതരണ നഷ്ടം പരമാവധി കുറച്ച് വൈദ്യുതി ലാഭിക്കുക.

(iv) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പരമാവധി ഊർജ്ജിതപ്പെടുത്തുകയും വൈദ്യുതി മോഷണം/ദുരുപയോഗം എന്നിവ പരമാവധി കണ്ടെത്തുകയും വൈദ്യുതിചാർജ്ജ് സമയബന്ധിതമായി പിരിച്ചെടുക്കുക വഴിയും ബോർഡിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തി ചെലവ് പരമാവധി കുറച്ചുകൊണ്ടു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly